**കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

**തിരുവനന്തപുരം**

# പ്രോസ്പെക്ടസ്

# 2018-19

## പച്ചമലയാളം
## ഗുഡ് ഇംഗ്ലീഷ്
## അച്ഛീ ഹിന്ദി

## സർട്ടിഫിക്കറ്റ് കോഴ്സുകൾ

**കേരള സർക്കാർ**

**പൊതുവിദ്യാഭ്യാസ വകുപ്പ്**

# ആമുഖം

കേരളസർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. ബഹുമുഖങ്ങളായ തുടർവിദ്യാഭ്യാസപ്രവർത്തനങ്ങളാണ് സാക്ഷരതാമിഷൻ നടത്തിവരുന്നത്. അടിസ്ഥാന സാക്ഷരതാപരിപാടി. നാല്, ഏഴ്, പത്ത്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾ, വരുമാനവർധകപരിപാടികൾ, ബോധവത്കരണ പരിപാടികൾ, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയാണ് സാക്ഷരതാമിഷൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ. ഇതോടൊപ്പം, പരിസ്ഥിതി സാക്ഷരതാപരിപാടി, ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള സാക്ഷരതാപരിപാടി, ട്രാൻസ്ജൻഡേഴ്സിന് വേണ്ടിയുള്ള തുടർവിദ്യാഭ്യാസ പദ്ധതി തുടങ്ങിയ നൂതന പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

സാക്ഷരതാമിഷൻ പുതുതായി ആരംഭിക്കുന്ന മൂന്ന് ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളാണ് പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നിവ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് വ്യക്തികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മൂന്ന് സർട്ടിഫിക്കറ്റ് കോഴ്സുകളും സാക്ഷരതാമിഷൻ ആരംഭിച്ചിരിക്കുന്നത്. ഇവ മൂന്നും വെവ്വേറെ കോഴ്സുകളായാണ് നടത്തുന്നത്. കോഴ്സിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## I. സർട്ടിഫിക്കറ്റ് കോഴ്സുകളുടെ വിശദാംശങ്ങൾ

| നമ്പർ | കോഴ്സിന്റെ പേര് | കാലയളവ് | കോഴ്സ് ഫീസ് |
|---|---|---|---|
| 1. | പച്ചമലയാളം | 4 മാസം | രജിസ്ട്രേഷൻ ഫീസ് - 500<br>കോഴ്സ് ഫീസ് - 2000 |
| 2. | ഗുഡ് ഇംഗ്ലീഷ് | 4 മാസം | രജിസ്ട്രേഷൻ ഫീസ് - 500<br>കോഴ്സ് ഫീസ് - 2000 |
| 3. | അച്ഛീ ഹിന്ദി | 4 മാസം | രജിസ്ട്രേഷൻ ഫീസ് - 500<br>കോഴ്സ് ഫീസ് - 2000 |

**നിലവിൽ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ പഠിക്കുന്നവർക്കും എട്ടാം ക്ലാസ് മുതൽ ഹയർ സെക്കൻഡറി വരെ പഠിക്കുന്ന വിദ്യാർഥികൾക്കും രജിസ്ട്രേഷൻ ഫീസ്, കോഴ്സ് എന്നീ ഇനങ്ങളിൽ ആകെ 2000/- രൂപ അടച്ചാൽ മതിയാകും.**

## II. പാഠ്യവിഷയങ്ങൾ

| പച്ചമലയാളം | ഗുഡ് ഇംഗ്ലീഷ് | അച്ഛീ ഹിന്ദി |
|---|---|---|
| മലയാള ഭാഷ തെറ്റില്ലാതെ കൈകാര്യം ചെയ്യുന്നതിന് ഊന്നൽ | Focus on spoken communication | ഹിന്ദി ഭാഷ സംസാരിക്കുന്നതിന് ഊന്നൽ |
| മലയാള ഭാഷയിലും വ്യാകരണത്തിലും സാമാന്യ അറിവിന് പര്യാപ്തമായ പാഠഭാഗങ്ങൾ | Language for common language functions like Greeting, Requesting, Negotiating etc | സാമാന്യ ആശയവിനിമയത്തിന് സഹായകമാകുന്ന ഭാഷാശേഷിക്ക് ഊന്നൽ |
| മലയാള സാഹിത്യത്തെ സംബന്ധിക്കുന്ന സാമാന്യപരിചയം | Centred around the use of language in context | സാമാന്യ എഴുത്തിന് ആവശ്യമായ വ്യാകരണം |
| പ്രായോഗികപരിചയം | Activity based and learner oriented Grammar taught indirectly | പ്രായോഗികപരിചയം |
| മലയാളം കമ്പ്യൂട്ടിങ് | | |

## III. ബോധനരീതി

പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ബോധനരീതി സമ്പർക്കപഠന ക്ലാസുകളുടെ ഘടനയിലും സ്വഭാവത്തിലുമാണ് നടത്തുന്നത്.

## IV. പഠനസാമഗ്രികൾ

മേൽ സൂചിപ്പിച്ച കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് അതത് കോഴ്സുകളുടെ പഠനസാമഗ്രികൾ (പുസ്തകം) സാക്ഷരതാമിഷൻ നൽകുന്നതാണ്.

## V. ക്ലാസുകൾ

- മേൽ സൂചിപ്പിച്ച ഓരോ കോഴ്സുകൾക്കും നാല് മാസമാണ് കാലയളവ്. ഓരോ കോഴ്സിനും 60 മണിക്കൂർ ക്ലാസുകൾ ഉണ്ടായിരിക്കും. എല്ലാ ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തുന്നത്. 50 പഠിതാക്കൾക്ക് ഒരു സമ്പർക്കപഠനക്ലാസ് എന്ന രീതിയിൽ എല്ലാ ജില്ലകളിലും ക്ലാസുകൾ ക്രമീകരിക്കും. പഠിതാക്കളുടെ എണ്ണത്തിന് അനുസരിച്ച് ക്ലാസുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ബ്ലോക്ക്/ മുനിസിപ്പൽ/ഗ്രാമ പഞ്ചായത്ത് തലങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. ഓരോ കോഴ്സിനും അതത് വിഷയത്തിൽ അക്കാദമിക യോഗ്യതകളുള്ള അധ്യാപകർ ക്ലാസുകൾ എടുക്കും. ക്ലാസിന്റെ സുഗമമായ നടത്തിപ്പിനുള്ള ചുമതല ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, സെന്റർ കോ-ഓർഡിനേറ്റർമാർ എന്നിവർക്കായിരിക്കും.
- സ്കൂളിലെ വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, അനധ്യാപകർ എന്നിവർക്ക് കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.
- ഒരു സ്കൂളിലെ 20 പേർ സർട്ടിഫിക്കറ്റ് കോഴ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആ സ്കൂളിൽ സമ്പർക്കപഠനകേന്ദ്രം അനുവദിക്കുന്നതാണ്.
- നിലവിൽ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ പഠിക്കുന്നവർക്ക് ശനിയാഴ്ച മാത്രമായിരിക്കും സമ്പർക്കപഠനക്ലാസ്.

## VI. പ്രായപരിധി, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത

- രജിസ്ട്രേഷൻ സമയത്ത് 17 വയസ്സ് പൂർത്തിയായിരിക്കണം.
- എട്ടാം ക്ലാസ് വിജയിച്ചിരിക്കണം.
- നിലവിൽ എട്ട് മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥികൾക്കും കോഴ്സിൽ ചേരാവുന്നതാണ്. (ഇവർക്ക് മേൽസൂചിപ്പിച്ച പ്രായപരിധി ബാധകമല്ല).

## VII. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ

1. **അപേക്ഷിക്കേണ്ട രീതി**

അപേക്ഷാഫോറവും പ്രോസ്പെക്ടസും സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസ്, ജില്ലാ ഓഫീസുകൾ, വികസന/തുടർവിദ്യാകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്. ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളുടെ വിലാസവും ഫോൺ നമ്പരും അനുബന്ധമായി ചേർത്തിട്ടുണ്ട്.

2. അപേക്ഷാഫോറം സാക്ഷരതാമിഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്. (www.literacymissionkerala.org) വെബ്സൈറ്റിൽനിന്ന് ഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ ഡയറക്ടറുടെ പേർക്ക് എസ്.ബി.ഐ.യുടെ ബ്രാഞ്ചിൽ ചെലാൻ മുഖേന അടയ്ക്കേണ്ടതാണ്.

3. **കോഴ്സ് ഫീസ് അടയ്ക്കേണ്ട രീതി**

അപേക്ഷയോടൊപ്പമുള്ള ചെലാൻ പൂരിപ്പിച്ച് എസ്.ബി.ഐ.യുടെ ഏതെങ്കിലും ശാഖയിൽ പണം അടയ്ക്കാവുന്നതാണ്. പണം അടയ്ക്കുമ്പോൾ ബാങ്കിൽനിന്ന് ലഭിക്കുന്ന രസീതിൽ 'KSLMA Copy' എന്നെഴുതിയ ചെലാൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. **നിർദ്ദേശങ്ങൾ**

1) ബാങ്കിൽ നിശ്ചിത ഫീസടച്ച ചെലാൻ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

2) ജനനതീയതി തെളിയിക്കുന്നതിന് പഠിച്ചിരുന്ന വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്/ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

3) ഒരു ബാച്ചിൽ ഒരു കോഴ്സിനുമാത്രമേ ഒരാൾക്ക് അഡ്മിഷൻ അനുവദിക്കുകയുള്ളൂ.

4) പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ പഠിക്കുന്നവർ അപേക്ഷാഫോറത്തിൽ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണ്.

5) സ്കൂൾ വിദ്യാർഥികൾ പ്രസ്തുത വിവരം അപേക്ഷാഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

6) തുല്യതാ കോഴ്സ് കഴിഞ്ഞ പഠിതാക്കൾ ജില്ലാ കോ-ഓർഡിനേറ്ററെ കൊണ്ടും സ്കൂൾ വിദ്യാർഥികൾ സ്കൂൾ മേധാവിയെ കൊണ്ടും അപേക്ഷാഫോറത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

7) അപേക്ഷയിൽ പതിക്കുന്ന ഫോട്ടോ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം.

8) അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി പ്രോസ്പെക്ടസിലെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കേണ്ടതാണ്. അപൂർണവും തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

9) അപേക്ഷയോടൊപ്പം അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മാത്രം സമർപ്പിക്കുക.

10) പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത തീയതിക്കുള്ളിൽ അതതു ജില്ലാ സാക്ഷരതാമിഷൻ ഓഫീസിലേക്കോ സംസ്ഥാന സാക്ഷരതാമിഷൻ ഓഫീസിലേക്കോ (ഡയറക്ടർ, കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, റ്റി.സി.നം.27/1461, കമ്മട്ടം ലെയ്ൻ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം-35) നേരിട്ട് നൽകുകയോ തപാൽ മുഖേന അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

## VII. അപേക്ഷിക്കേണ്ട അവസാന തീയതി

2018 മെയ് 30 വൈകുന്നേരം 5 മണി.

## ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

| | | |
|---|---|---|
| 1. തിരുവനന്തപുരം | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം.പി.ഒ, തിരുവനന്തപുരം-4. ഫോൺ : 0471-2556740 |
| 2. കൊല്ലം | : | ജില്ലാ സാക്ഷരതാമിഷൻ, തേവള്ളി. പി.ഒ, കൊല്ലം-9 ഫോൺ : 0474-2798020 |
| 3. പത്തനംതിട്ട | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ പത്തനംതിട്ട. ഫോൺ : 0468-2220799 |
| 4. ആലപ്പുഴ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് ആലപ്പുഴ. ഫോൺ : 0477-2252095 |
| 5. കോട്ടയം | : | ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം-686 001. ഫോൺ : 0481-2302055 |
| 6. ഇടുക്കി | : | ജില്ലാ സാക്ഷരതാമിഷൻ, കുയിലിമല, പൈനാവ്.പി.ഒ, ഇടുക്കി-685 603. ഫോൺ : 0486-2232294 |
| 7. എറണാകുളം | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682 030. ഫോൺ : 0484-2426596 |
| 8. തൃശ്ശൂർ | : | ജില്ലാ സാക്ഷരതാമിഷൻ, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ : 04874-235024 |
| 9. പാലക്കാട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678 001. ഫോൺ : 0491-2505179 |
| 10. മലപ്പുറം | : | ജില്ലാ സാക്ഷരതാമിഷൻ, സാക്ഷരതാ ഭവൻ. മലപ്പുറം-676 505. ഫോൺ : 0483-2734670 |
| 11. കോഴിക്കോട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്-20. ഫോൺ : 0495-2370053 |
| 12. വയനാട് | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673 122. ഫോൺ : 0493-6202091 |
| 13. കണ്ണൂർ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670 002. ഫോൺ : 0497-2707699 |
| 14. കാസറഗോഡ് | : | ജില്ലാ സാക്ഷരതാമിഷൻ, വിദ്യാനഗർ.പി.ഒ, കാസറഗോഡ്-671 123. ഫോൺ : 04994-255507 |